**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3633** **12-03-2025 - ൽ മറുപടിയ്ക്ക്**

**അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; | (എ) | സംസ്ഥാനത്ത് അനാഥരാക്കപ്പെടുന്ന മുതിർന്നപൗരന്മാരെ സംരക്ഷിക്കുന്നതിനായി നിലവിൽ 17 സർക്കാർ വൃദ്ധസദനങ്ങളും, സർക്കാർ ഗ്രാന്റോടുകൂടി എൻ ജി ഒ തലത്തിൽ പ്രവർത്തിക്കുന്ന 199 വൃദ്ധസദനങ്ങളും പ്രവർത്തിച്ചു വരുന്നു. അതിൽ കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ കിടപ്പുരോഗികൾക്കുള്ള ഓൾഡ് ഏജ് ഹോമും ഡിമെൻഷ്യാ ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനവും ഉൾപ്പെടുന്നു. എൻ ജി ഒ തലത്തിൽ കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആരംഭിച്ച നൂതന പദ്ധതിയാണ് വയോസാന്ത്വനം പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിന് താൽപര്യപത്രം ക്ഷണിച്ച് സ്ഥാപനങ്ങളെ അംഗീകരിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ചിട്ടുള്ളത്; പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | **<u>സ്ഥാപനതല സംരക്ഷണം</u>**<br><br>സാമൂഹ്യനീതി വകുപ്പിന് കീഴിൽ അശരണരും അനാഥരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനായി 17 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ നിരാലംബരായ വയോജനങ്ങളെയാണ് താമസിപ്പിച്ചു വരുന്നത്. സ്ഥാപനത്തിലെ എല്ലാ സേവനങ്ങളും സൗജന്യമായാണ് ലഭ്യമാക്കിവരുന്നത്. നിലവിൽ 17 സ്ഥാപനങ്ങളിലായി ആകെ 789 താമസക്കാർക്ക് പുരധിവാസം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ ഗ്രാൻറോടു കൂടി പ്രവർത്തിക്കുന്ന 199 എൻ ജി ഒ നടത്തുന്ന ഓൾഡ് ഏജ് ഹോമുകളും പ്രവർത്തിച്ചു വരുന്നു. **<u>ആറാട്ടുപുഴ കിടപ്പുരോഗികൾക്കായുള്ള വൃദ്ധസദനം</u>** |

| | | | |
|---|---|---|---|
| | | | നിരാലംബരായ കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴജില്ലയിലെ ആറാട്ടുപുഴയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണിത്. ഈ സ്ഥാപനം പൂർണ്ണമായും കിടപ്പുരോഗികളായ വയോജനങ്ങൾക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നത്. 2024 മാർച്ച് 12 മുതൽ പ്രവർത്തനം ആരംഭിച്ച പദ്ധതിയാണിത്.<br><br>**<u>ഡിമെൻഷ്യ രോഗികൾക്കായുള്ള പുനരധിവാസം</u>**<br><br>സംസ്ഥാനത്തെ ഡിമെൻഷ്യ രോഗികളുടെ പരിചരണത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴൽ എറണാകുളം ജില്ലയിൽ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്ററും , തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. 2014-15 സാമ്പത്തിക വർഷത്തിലാണ് എടവനക്കാട് സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.<br><br>**<u>വയോസാന്ത്വനം പദ്ധതി</u>**<br><br>സാമൂഹ്യനീതി വകുപ്പ് മുഖേന കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആരംഭിച്ച പുതിയ പദ്ധതിയാണ്. കിടപ്പുരോഗികളായ വയോജനങ്ങളെ എൻ.ജി.ഒ തലത്തിൽ പരിചരിക്കുന്നതിനായി എൻ.ജി.ഒ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ